ഉത്തരം

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ റാങ്കിൽ കുറയാത്ത തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കും, ജില്ലാ കളക്ടർക്കും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/അസിസ്റ്റന്റ് പോലീസ് കമ്മീഷണർ എന്നീ ഉദ്യോഗസ്ഥർക്കും പെട്രോൾ പമ്പുകൾ പരിശോധിക്കുവാനുള്ള അധികാരമുണ്ട്. എണ്ണക്കമ്പനികളുടെ സെയിൽസ് ഏരിയ ഫീൽഡ് ഓഫീസർമാരും, ടെറിട്ടറി ഓഫീസുകളിലെ ഉദ്യോഗസ്ഥൻമാരും പമ്പുകളിൽ പരിശോധന നടത്താറുണ്ട്. സപ്ലൈകോയുടെ പമ്പുകളിൽ ഓഡിറ്റ്, വിജിലൻസ് ഉദ്യോഗസ്ഥരും പരിശോധന നടത്താറുണ്ട്.

(ബി) ലീഗൽ മെട്രോളജി വകുപ്പ് മുദ്രണം ചെയ്ത മെഷറിംഗ് ജാർ അളവ് പരിശോധനയ്ക്കായി ഔട്ട്‌ലെറ്റുകളിൽ ലഭ്യമാണ്. അളവ് കൃത്യമെന്ന് ഉറപ്പു വരുത്തുന്നതിലേക്കായി ലീഗൽ മെട്രോളജി വകുപ്പ് പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരികയുംചെയ്യുന്നു. കൂടാതെ പെട്രോൾ, ഡീസൽ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഡെൻസിറ്റി കിറ്റും, പെട്രോളിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സ്പെഷ്യൽ ഫിൽട്ടർ പേപ്പറും ലഭ്യമാണ് എന്നും, എണ്ണക്കമ്പനികളിൽ നിന്നുള്ള ആന്റി അഡൽട്ടറേഷൻ സെൽ ഉദ്യോഗസ്ഥർ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**പാചകവാതക വിതരണം- താലൂക്ക്തല അദാലത്തുകൾ**

232 (1276) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക വിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ജില്ലാതല ഓപ്പൺ ഫോറത്തിൽ ഉപഭോക്താക്കൾക്ക് തർക്ക പരിഹാരത്തിന് പോകേണ്ട അവസ്ഥ ഇത്തരത്തിൽ താലൂക്ക് അദാലത്തുകൾ സംഘടിപ്പിച്ച് ഒഴിവാക്കുമോ ;

(സി) താലൂക്ക് തല അദാലത്തുകളിൽ ഓയിൽ കമ്പനി പ്രതിനിധികൾക്ക് പുറമെ ഏതെല്ലാം വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താലൂക്ക് തല അദാലത്തുകൾ സംഘടിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടില്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-ഡി) നിലവിൽ എല്ലാ താലൂക്ക് സപ്ലൈ ആഫീസുകളിലും സിറ്റി റേഷനിംഗ് ആഫീസുകളിലും പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിച്ച് പരാതി പരിഹരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

**സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ ക്ലബുകൾ**

233 (1277) ശ്രീ. വർക്കല കഹാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ ക്ലബുകൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എന്തെല്ലാം ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളാണ് പ്രസ്തുത ക്ലബുകൾ വഴി നടത്തി വരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വില നിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ക്ലബുകളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം ധനസഹായമാണ് നല്കി വരുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly